


KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

PRESENTS

# പൊൻപുലരി

*By,*

*NOEL MEMORIAL HIGH SCHOOL KUMBANAD*



# EDWIN HUNTER NOEL

(Founder of N M SCHOOLS)

# CONTENTS INCLUDED

N M H S KUMBANAD....4
....4
HEADMISTRESS, SCHOOL LEADER, CHAIRMAN....6
പഠനതലം....7
OUR SCHOOL....10
TALENTED STUDENTS 2018-19....12
SUJIN SURESH....12
SCIENCE FAIR( SUB DISTRICT LEVEL)....15
ചിത്രശലഭവും തെച്ചിപ്പൂവും....16
സാഫല്യം....17
MY DREAMING WORLD....18
ചിതലരിക്കാരായ ഓർമ്മകൾ....19
പിരിയില്ല നാം ഒരിക്കലും....20
എന്റെ പ്രിയ സുഹൃത്തിനായ്....21



# N M H S KUMBANAD




*This school was established in 1935 by missionary Edwin Hunter Noel from England. It is a possession of Brethren community and under the overlook of Stewards Association in India. N M High School Kumbanad is a reowned School which could figure a number eminent dignitaries to send a different parts of the world within the past eight decades. The school is under Noel Meomorial Corporate management and the manager is Mr.Mr. Varghese Abraham . Now there are 18 Aided Schools under this Management. Of them 2 are High Schools (Kumbanad and Kariamplave ), 4 Upper Primary Schools and 12 Lower Primary Schools all which are situated in Pathanamthitta , Kollam and Kottayam Districts.*

*N.M. High School Kumbanad obtained 100% results in SSLC Examinations in the past years and the School keeps an 'economic' status in the Department. The School has both English and Malayalam Medium classes. Management and all the staff give the students extra care to uplift them to the front through curricular and extra curricular activities.*

*A very powerful School P.T.A. is actively doing its part to promote the level of achievements of the School. Mr. Dinesh Kumar is the P.T.A. President and Mrs. P.M. Deenamma is the Headmistress.*

*"Your word is a lamp to my feet, and light to my path"*
*PSALMS:119:105*



# HEADMISTRESS, SCHOOL LEADER, CHAIRMAN



P M DEENAMMA
(HEADMISTRESS)



AJI ANUJAN
(SCHOOL LEADER)



ALAN SUNNY
(CHAIRMAN)

# പഠനതലം

മദ്ധ്യതിരതാംകറിലെ ആത്മിക കേന്ദ്രമായ കുമ്പനാടിന് സാംസ്കാരിക അടിത്തറ പാകിയ മഹാവിദ്ദ്യാലയമാണ് കുമ്പനാട് നോയൽ മെമോറിയൽ ഹൈസ്കൂൾ .ഇന്നേക്ക് 80-ൽപ്പരം വർഷങ്ങൾക്കു മുൻപ് 1935-ൽ ഇംഗ്ലണ്ടുകാരനായ മിഷണറി മി.എഡ്‌വിൻ ഹണ്ടർ നോയൽ സ്ഥാപിച്ച അനുഗ്രഹീത സ്ഥാപനമാണിത്. ഒരു നൂറ്റാണ്ടോടടുക്കുന്ന ഈ സ്കൂളിൻെ ഏതാനും ചില പ്രത്യേകതകൾ ;

- 5 മുതൽ 10 വരെ ക്ളാസുകളിൽ കുട്ടികൾകൾക്ക് മലയാളം മീഡിയത്തിലോ ഇംഗ്ളീഷ് മീഡിയത്തിലോ കേരളാ സിലബസിൽ പഠനം നടത്താവുന്ന സ്ഥാപനം .

- പൊതുവിദ്യാഭ്യാസ വകുപ്പിൻെ നിർദ്ദേശമനുസരണം വിവര വിനിമയ സാങ്കേതിക വിദ്യയ്ക്കു പ്രാധാന്യം നൽകിയുള്ള ക്ളാസുകൾ

- ഇംഗ്ളീഷ് ഭാഷാ പരിചയം നൽകുന്നതിനു ചിട്ടപ്പെടുത്തിയ പ്രോഗ്രാമുകൾ .

- കൃത്യമായ ഇടവേളകളിൽ ടെസറ്റ് പേപ്പറുകൾ , ടേം മൂല്യ നിർണയങ്ങൾ, കമ്പ്യൂട്ടറൈസഡ് മാർക്ക് ലിസ്റ്റുകളും അപഗ്രഥനവും , കുട്ടിയുടെ മുൻക്ളാസുകളിലെ പഠനനിലവാരം അറിയുന്നതിനുള്ളതിനുള്ള സംവിധാനം.

സ്കൂൾ പി റ്റി എ

അതിശക്തവും കർമ്മനിരതവുമായ പി. റ്റി. എ ഈ സ്കൂളിൻെ മുഖമുദ്രയാണ്. സ്കൂളിൻെ എല്ലാ പ്രവർത്തനങ്ങളിലും പി റ്റി എ യുടെ ശക്തമായ പിന്തുണ നൽകുന്നതിനോടൊപ്പം പാഠ്യ പാഠ്യേതര വിഷയങ്ങളിൽ ശ്രദ്ധുടു കൂടിയ അവലോകനം നടത്തുകയും ചെയ്യുന്നു

## സ്കൂൾ ബസ്സ്

രാവിലെയും വൈകുന്നേരവും കുട്ടികളുടെ യാത്ര സുഗമവും സുരക്ഷിതവുമാകുന്നതിനു സ്കൂളിൻെ 10 കിലോമീറ്റർ ചുറ്റളവിൽ സ്കൂൾ ബസ്സ് എല്ലാ സാദ്ധ്യായ ദിവസങ്ങളിലും സർവ്വീസ്സ് നടത്തുന്നു

## അച്ചടക്കം

തികഞ്ഞ അച്ചടക്കത്തിൽ മികച്ച പഠനം സാദ്ധ്യമാക്കുന്ന സ്കൂൾ അന്തരീക്ഷം , സ്കൂൾ യൂണിഫോം, സ്റ്റുഡൻസ് ഐഡന്റിറ്റി കാർഡ് തുടങ്ങിയവ നിർബന്ധമാക്കിയിരിക്കുന്നു.


## കായികം

കുട്ടികളുടെ ശാരീരിക മാനസിക വികാസത്തിന് അത്യന്താപേക്ഷികമാണല്ലോ കായികവിനോദങ്ങൾ .ആയതിന് വേണ്ടി വിശാലമായ കളിക്കളവും മിനി പാർക്കും.

## ആരോഗ്യം

സഹോദര സ്ഥാപനമായ തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രിയിൽ നിന്നും കുട്ടികളുടെ വിദഗ്ധ ഡോക്ടറും നേഴ്സിങ് സ്റ്റാഫും ഉൾപ്പെടുന്ന ഒരു ടീം ആഴ്ചയിലൊരിക്കൽ സ്കൂൾ സന്ദർശിച്ച് കുട്ടികളെ പരിശോധിക്കുകയും അവരുടെ ആരോഗ്യ കാര്യങ്ങളിൽ ശ്രദ്ധിക്കുകയും ചെയ്യുന്നു. കുട്ടികൾക്ക് കൗൺസിലിങ് നൽകുന്നതോടൊപ്പം ആവശ്യമായവ മാതാപിതാക്കളെ അറിയിക്കുകയും ചെയ്യുന്നു.





# OUR SCHOOL



HIGH SCHOOL SECTION



UP SECTION



5th



6th



7th



8th





9 A

9 B





10 A

10 B

# TALENTED STUDENTS 2018-19

## SPORTS(SUB DISTRICT LEVEL)



SUJIN SURESH

LONG JUMP-1ST, 800 RACE-IIIrd, 1500 RACE- IIIrd



JIBIMOL MONACHEN

HURDDLES-IInd



LIBINA ANN SAM

HARMER THROW-IInd



## AISWARYA PRASAD

3000m race -II$^{nd}$



## SUBITHA WILSON

600m race-II$^{nd}$



## MEENU MADHU

1500m race-II$^{nd}$

# KALOLSAVAM (DISTRICT LEVEL)



AKHILA K ANIL

Essay (Malayalam)- A GRADE



LIBINA ANN SAM

Recitation(English)- A GRADE



JASMINE JOSEPH

Poem Writing( English)- A GRADE

# SCIENCE FAIR( SUB DISTRICT LEVEL)



## CELESTIN PETER BOSE

Vegetable printing-1st



## JASMINEJOSEPH

SOCIAL SCIENCE QUIZ-IInd



## AKHILA K ANIL

SSOCIAL SCIENCE QUIZ-IInd

# ചിത്രശലഭവും തെച്ചിപ്പൂവും

ഒരിക്കൽ ഒരു ചിത്രശലഭവും തെച്ചിചെടിയും കണ്ടുമുട്ടി .കണ്ടമാത്രയിൽ തന്നെ തെച്ചിപൂവിനു ചിത്രശലഭത്തെ ഇഷ്ടമായി . ചിത്രശലഭത്തിനു തിരിച്ചും . ഉച്ചയോടെ അവർ അടുപ്പത്തിലായി. ചിത്രശലഭത്തിനു വിശക്കാൻ തുടങ്ങി. ചിത്രശലഭത്തിൻെ വിഷമം മനസ്സിലാക്കി തെച്ചിച്ചെടി തൻെ പൂവിതളിൽ നിന്നും തേൻ നുകർന്നുകൊള്ളാൻ അനുവദിച്ചു . ചിത്രശലഭം ആവശ്യത്തിന് തേൻ കുടിച്ച് തെച്ചിചെടിയ്ക്ക് നന്ദിയും പറഞ്ഞ് വീട്ടിൽ ചേക്കേറി . നേരം പുലരാൻ കാത്തിരുന്ന ചിത്രശലഭം പതിയെ ഉറക്കത്തിലേക്ക് വഴുതിവീണു . തന്റെ ഉറക്കത്തിലെ സ്വപ്നത്തിൽ മുഴുവൻ നിറഞ്ഞു നിന്നത് തെച്ചിചെടിയായിരുന്നു .സൂര്യകിരണങ്ങൾ വാതിലിൽ തട്ടിയപ്പോൾ ശലഭം പെട്ടെന്ന് ഞെട്ടി എഴുന്നേറ്റു തന്റെ സുഹൃത്തായ തെച്ചിപ്പൂവിനെ ലക്ഷ്യമാക്കി പറക്കാൻ തുടങ്ങി .



അവിടെ എത്തിയ ചിത്രശലഭം ഞെട്ടി . അത്രയും നേരം സന്തോഷത്തോടെ ഇരുന്ന തന്റെ മുഖത്തുകൂടി കണ്ണുനീർ ഒഴുകാൻ തുടങ്ങി . തന്റെ പ്രിയസുഹൃത്തായ തെച്ചിപൂവ് കൊഴിഞ്ഞു പോയിരുന്നു . ചിത്രശലഭം പൂവിനെ നോക്കി തന്റെ അവസാന വാക്കുകൾ മൊഴിഞ്ഞു .

ഇനിയും ഒരു ജന്മമുണ്ടെങ്കിൽ ഒരു ചെടിയിലെ പുഷ്പങ്ങളായ് നാം വിരിയും . വസന്തം നമ്മെ നോക്കി പുഞ്ചിരിക്കും . ശിശിരം നമ്മെ നോക്കി അസൂയപ്പെടും . കാലത്തിന്റെ ചൂടേറ്റ് ആദ്യം പൊഴിഞ്ഞു വീഴുന്നത് ഞാനാണെങ്കിൽ എനിക്കു വേണ്ടി ഒരിറ്റു കണ്ണുനീർ പൊഴിക്കാൻ നീയുണ്ടാകുമെന്ന വിശ്വാസത്തോടെ.

എം. ആതിര തുളസി

# സാഫല്യം

അരുണ കിരണങ്ങൾ ചക്രവാളത്തെ    പുൽകീടവെ
മഞ്ഞണി പൂന്തോട്ടത്തിൽ പൂമ്പാറ്റ പറക്കവെ
തണൽ വാകതൻ ചെറുപൂക്കൾ കാറ്റിൽ
പെയ്തിടും പൂമഴയാൽ അങ്കണം നിറയവെ
അതിങ്കലൊരു പൂവായ് പൂത്ത്
പൊഴിയുവാനെൻ മോഹം
ഇനിയും  വേണം ജന്മം നിന്നിലെ സുദഗങ്ങൾ
ആവോളമാസ്വദിച്ച് ജന്മസാഫല്യം നേടാൻ.

ലിസി മാത്യു
മലയാളം അധ്യാപിക



# MY DREAMING WORLD



Some day you will come back to me
some how you will think about me
some day you will be with me
you are made for me

when you will be back to me
I would die for you
you will be hand full of flowers
when I would see you at last

when you will give me yours love
I would pass away from you
you would miss me a lot
when I would be in my dreaming world

I would wait  for you
In my dreaming world
then you will cry for me
missing me a lot

once I told to you that
you will miss me a lot
when you will miss me
I would be far away from you

we will meet in our dreaming world
then you will say that
you are made for me
I will never leave you

JASMINE JOSEPH
STD 9 A

# ചിതലരിക്കാരായ ഓർമ്മകൾ



ദൈവം നമുക്ക് മാത്രമായി
കാത്തുവെച്ച ചില നിമിഷങ്ങൾ
ഉണ്ട് നാം അറിയാതെ
കാലമേറെ കഴിയുമ്പോൾ നാം
ഓർമിക്കും ഒരു ചിരിയായ്
തേങ്ങലായ് കളിയാക്കലായ്
ശല്യമായ് നമ്മുടെ കൂടെ
ഉണ്ടായിരുന്നവർ
ഇന്നില്ലാത്തവർ
അറിയാതെ മിഴി നിറയുമ്പോൾ
നാം ഇനിയും ഓർമിക്കും
എന്റെ ...... എന്റെ സ്വന്തം
സുഹൃത്തുക്കൾ.

ഐശ്വര്യ പ്രസാദ്
൯ A

# പിരിയില്ല നാം ഒരിക്കലും




മറക്കില്ല എന്ന് പറഞ്ഞവരൊക്കെ
മറന്ന് തുടങ്ങിയിരിക്കുന്നു
പിരിയില്ല എന്ന് പറഞ്ഞവരൊക്കെ
അകലങ്ങളിലേക്ക് മറഞ്ഞുകൊണ്ടിരിക്കുന്നു
ഒരു വിളിപ്പാടകലെ ഞാൻ ഉണ്ടായിട്ടും
ഒന്ന് വിളിക്കാതെ പലരും നടന്നു നീങ്ങുന്നു
ഹൃദയബന്ധങ്ങൾ നീർ കുമിളകൾ
ഉടഞ്ഞു വീഴുമ്പോൾ ഞാൻ ചിലരുടെ
മനസ്സിൽ ആരുമല്ലാതായി തീരുന്നു
എങ്കിലും ഇനിയും നിലച്ചിട്ടില്ലാത്ത
എന്റെ കൊച്ചു ഹൃദയം നിന്നെ
സ്നേഹിച്ചു കൊണ്ടിരിക്കും കാരണം
സ്നേഹത്തിന് മരണമില്ല ഞാൻ
ഇപ്പോഴും വിശ്വസിക്കുന്നു

ആശ ഗ്രേസ് സാം
9A

# എന്റെ പ്രിയ സുഹൃത്തിനായ്

ഓർക്കുമ്പോൾ മനസ്സു നിറയും
ഓർക്കാതിരുന്നാൽ ഹൃദയം നിറയും
അതിനു കാലം നൽകിയ പേരാണ് സൗഹൃദം ..........



ഞാൻ നിന്നെ ഓർക്കാൻ തുടങ്ങിയിട്ട് കുറേ കാലമായി നമ്മുടെ ആ പഴയ സൗഹൃദം ഇന്നും തുരുമ്പ് പിടിക്കാതെ നിലനിൽക്കുന്നത് ഏറെ സന്തോഷകരമായ കാര്യമാണ്. ആ പഴയ സ്ക്കൂൾ വരാന്ത , ക്ളാസ് മുറികളും .ഓർമ വരുന്നു സൗഹൃദം അതു കൈകുമ്പിളിൽ കോരിയെടുക്കാനോ തട്ടിയെടുക്കാനോ കഴിയില്ല അത് ഹൃദയത്തിൽ നിന്ന് ഹൃദയത്തിലേക്ക് പകർന്നു നൽകുവാനേ കഴിയൂ .

നാം നമ്മുടെ സൗഹൃദം പുതുക്കിയിട്ട് കുറെയേറെ കാലം ആയി എന്ന് എനിക്ക് തോന്നുന്നു.ചിതലരിച്ച ഓർമ്മകൾ പലതും ഇന്നു സൂക്ഷിക്കുന്നുണ്ട് . ജീവിതം എന്നും ഒരു പ്രത്യേകാനുഭൂതി നൽകുന്ന യാത്രയാണെന്ന് നീ തന്നെ ആണ് എന്നെ പഠിപ്പിച്ചത് . ക്ലാസ് വരാന്തയിൽ അന്നു നാം കണ്ടുമുട്ടിയപ്പോൾ ചങ്കിലെഴുതിയതാണ് ഇനി ഒരിക്കലും പിരിയില്ല എന്ന്

യമുന മധു
9A